# കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ്

ചീഫ് എൻജിനീയറുടെ കാര്യാലയം

(മാനവവിഭവശേഷി നിർവഹണം)

വൈദ്യുതി ഭവനം, പട്ടം,തിരുവനന്തപുരം

നമ്പർ: എച്ച്. ആർ. ഡി./ജനറൽ/2007-08. തീയതി: 28-05-2007

## സർക്കുലർ

വൈദ്യുതി മൂലമുള്ള അപകടങ്ങൾ ഒഴിവാക്കാനായി ബോർഡിലെ ജീവനക്കാരുടെയും ഉദ്യോഗസ്ഥരുടെയും പരിശ്രമങ്ങൾ ഒട്ടേറെ ഉണ്ടെങ്കിലും, അപകടങ്ങളുടെ എണ്ണം കുറയുന്നതായി കാണുന്നില്ല. ഈ സ്ഥിതി വിശേഷം വിദ്യുച്ഛക്തി ബോർഡിന്റെ യശസ്സിന് മങ്ങലേൽപ്പിച്ചിട്ടുണ്ട്. വൈദ്യുതി അപകടങ്ങൾ ഒഴിവാക്കാനായി എല്ലാ ജീവനക്കാരുടെയും ആത്മാർത്ഥമായ സഹകരണം ഇത്തരുണത്തിൽ വളരെ ആവശ്യമാണ്.

സുരക്ഷയെ സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ എല്ലാ ജീവനക്കാരും മനസ്സിലാക്കേണ്ടതും കർശനമായി പാലിക്കേണ്ടതുമാണ്.

1. വൈദ്യുതി ബോർഡ് നിർദ്ദേശിച്ചിട്ടുള്ള എല്ലാ സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്.
2. അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.
3. അപകടം ക്ഷണിച്ചു വരുത്തുന്ന മരച്ചില്ലകൾ, വള്ളികൾ, വൃക്ഷങ്ങൾ എന്നിവ ഇടയ്ക്കിടെ വെട്ടിമാറ്റേണ്ടതാണ്.
4. എല്ലാ സുരക്ഷാ ഉപകരണങ്ങളും അതായത് ഗ്ലൗസ്, എർത്ത് റോഡ്, എർത്ത് ചെയിൻ, ബെൽറ്റ്, ഹെൽമറ്റ് തുടങ്ങിയവ എപ്പോഴും സുസജ്ജമായി വെയ്ക്കേണ്ടതും വൈദ്യുതിയുമായി ബന്ധപ്പെട്ട ജോലികൾക്ക് നിശ്ചയമായും ഉപയോഗിക്കേണ്ടതുമാണ്. മാത്രമല്ല എല്ലാ അഗ്നിശമന ഉപകരണങ്ങളും ശരിയായ രീതിയിൽ സുസജ്ജമായി വയ്ക്കേണ്ടതാണ്. കൂടാതെ പ്രഥമ ശുശ്രൂഷ കിറ്റുകൾ എല്ലാ ഓഫീസുകളിലും സജ്ജീകരിക്കേണ്ടതാണ്.
5. ഏതു ജോലിക്കും മുന്നോടിയായി ശരിയായ രീതിയിൽ എർത്തിംഗ് നിർബന്ധമായും നടത്തിയിരിക്കണം കൂടാതെ പെർമിറ്റ് വർക്കിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ വളരെ സൂക്ഷ്മതയോടെ പാലിക്കേണ്ടതാണ്.
6. ഉയരത്തിലുള്ള പണികൾ നടത്തുമ്പോൾ സുരക്ഷാബെൽറ്റും ഹെൽമറ്റും നിർബന്ധമായും ധരിച്ചിരിക്കണം.
7. ജനറേറ്റിംഗ് സ്റ്റേഷനുകളിലേയും സബ് സ്റ്റേഷനുകളിലേയും ജോലികൾ ചെയ്യുന്നതിന് മുന്നോടിയായി റിബൺ ഉപയോഗിച്ച് സുരക്ഷിത സ്ഥലങ്ങൾ വേർതിരിച്ച് മാറ്റേണ്ടതും കനത്ത മുൻകരുതലുകൾ പാലിക്കേണ്ടതുമാണ്.
8. സിവിൽ മേഖലയുമായി ബന്ധപ്പെട്ട ജോലികളിൽ, വിശിഷ്യാ, ഡാം സൈറ്റുകൾ, ടണലുകൾ, പവർ ഹൗസുകൾ, ഉയരത്തിലുള്ള നിർമ്മാണ പ്രവർത്തനം നടക്കുന്ന ഇടങ്ങൾ എന്നീ സ്ഥലങ്ങളിൽ എല്ലാ വിധ സുരക്ഷാ പരിരക്ഷകളും ഉറപ്പാക്കണം.
9. അനധികൃതമായി ആരെങ്കിലും തെരുവ്വിളക്കുകൾ നിയന്ത്രിക്കുന്നതായോ, ബോർഡിന്റെ ജോലികൾ ചെയ്യുന്നതായോ ശ്രദ്ധയിൽപ്പെട്ടാൽ, ഈ വിവരം ജീവനക്കാർ മേലധികാരികളെ അറിയിക്കേണ്ടതും, മേലധികാരികൾ ഉചിതമായ നടപടി കൈക്കൊള്ളേണ്ടതുമാണ്.
10. വിതരണ മേഖലയിൽ ഫീഡിങ്ങ് സംവിധാനത്തിൽ താല്കാലികമായോ സ്ഥിരമായോ വരുത്തുന്ന മാറ്റങ്ങൾ ഉടൻ തന്നെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കാൻ ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കണം. ഇന്റർലിംഗ് ബോർഡ് വേണ്ട സ്ഥലങ്ങളിൽ വ്യക്തമായി കാണത്തക്ക രീതിയിൽ ഉറപ്പിക്കണം. ആവശ്യമെങ്കിൽ അടുത്തുള്ള സെക്ഷനോഫീസിലും അറിയിക്കേണ്ടതാണ്.
14. എല്ലാ മാസവും എക്സിക്യൂട്ടീവ് എൻജിനീയർമാർ സുരക്ഷയെ സംബന്ധിച്ചിട്ടുള്ള മീറ്റിംഗ് നടത്തേണ്ടതും, പ്രസ്തുത മീറ്റിംഗിൽ അവരവരുടെ കീഴിലുള്ള ഓഫീസുകളിലെ സുരക്ഷയെ സംബന്ധിച്ചുള്ള കാര്യങ്ങൾ ചർച്ച ചെയ്യുകയും, ഈ വിവരങ്ങൾ ഒരു പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഈ അടുത്ത കാലത്ത് രൂപികരിക്കപ്പെട്ട ഡിസാസ്റ്റർ മാനേജ്മെന്റ് സെല്ലിലെ ഉദ്യോഗസ്ഥർ നിർബന്ധമായും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കേണ്ടതുമാണ്.
15. ട്രെയിനിംഗ് സെന്ററുകൾ നടത്തുന്ന സുരക്ഷയെ പറ്റിയുള്ള പരിശീലനങ്ങൾക്ക് നിർബന്ധമായും ഫീൽഡ് ജീവനക്കാരെ അയയ്ക്കേണ്ടതാണ്. കൂടാതെ കൃത്രമ ശ്വാസോച്ഛ്വാസം നൽകാനും വൈദ്യുതാഘാതത്തിനുള്ള പ്രഥമശുശ്രൂഷയും എല്ലാ ജീവനക്കാരും അറിഞ്ഞിരിക്കേണ്ടതാണ്.
16. സുരക്ഷയെ പറ്റിയുള്ള പൊതുജനങ്ങളുടെ അഭിപ്രായങ്ങൾക്കും പരാതികൾക്കും പ്രത്യേക പ്രാധാന്യം കൊടുക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ
(മാനവവിഭവശേഷി നിർവ്വഹണം)

പകർപ്പ്
എല്ലാ ഓഫീസ് മേധാവികൾക്കും.